12438
23/9/15

# കേരള സർക്കാർ

## സംഗ്രഹം

വനം - വന്യജീവി വകുപ്പ് - കോന്നി ഡിവിഷൻ നടുവത്തു മൂഴി റെയ്ഞ്ചിലെ 1923 കടിയാർ തേക്കു തോട്ടത്തിൽ നിന്നും ശേഖരിച്ച ഉൽപന്നങ്ങളുടെ പുനർലേലത്തിലുണ്ടായ സർക്കാർ നഷ്ടം തിരിച്ചടയ്ക്കുന്നതിൽ ശ്രീ. എം.റ്റി. വിദ്യാധരന് ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ. (സാധാ)നം.421/2015/വനം തീയതി, തിരുവനന്തപുരം, 15.09.2015.

---

**പരാമർശം** ;- 06.02.2014, 29.01.2015, 29.06.2015 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ പ്രൊ(12)3320/2014 നമ്പർ ത്ത്.

## ഉത്തരവ്

നടുവത്തു മൂഴി റെയിഞ്ചിലെ 1923 കടിയാർ തേക്ക് തോട്ടത്തിലെ ഉൽപന്നങ്ങൾ 29.12.1993-ൽ ലേലം ചെയ്തിരുന്നു. പ്രസ്തുത ലേലത്തിൽ ശ്രീ. കെ.ജി. ഡാനിയേൽ എന്ന ലേലക്കാരൻ 1,90,711/- രൂപയ്ക്ക് 8 ലോട്ടുകൾ ലേലം കൊണ്ടെങ്കിലും ലേലത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 11.01.1995-ൽ പുനർലേലം നടത്തുകയും ചെയ്തു. 11.01.1995-ലെ ലേലത്തിൽ ശ്രീ. എം.റ്റി. വിദ്യാധരൻ 1,91,012/- രൂപയ്ക്ക് ടി ലോട്ടുകൾ ലേലത്തിൽ പിടിച്ചു എന്നാൽ ടിയാനും പണം ഒടുക്കാതെ ഒഴിവായതിനാൽ 29.12.1999-ൽ വീണ്ടും പുനർലേലം നടത്തുകയും സർക്കാരിന് 1,83,335/- രൂപയുടെ നഷ്ടം ഉണ്ടാകുകയും ചെയ്തു. ശ്രീ. എം.റ്റി.വിദ്യാധരന് സ്വന്തമായി വസ്തു വകകളോ കാര്യമായ ജോലികളോ ഇല്ലാത്തതും 7 വയസ്സുള്ള മകനോടൊത്ത് കഴിയുന്ന ടിയാളിന് വിദേശത്തുള്ള ഭാര്യ മാസം തോറും അയച്ചു കൊടുക്കുന്ന തുക മാത്രമാണ് ഏക വരുമാനമാർഗ്ഗമെന്നും കൂടാതെ ടിയാന് വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ളതായും ടി സാഹചര്യത്തിൽ ടിയാന്റെ പേരിലുള്ള നഷ്ടം ഒറ്റ ഗഡുവായി അടയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും ശ്രീ. എം.റ്റി വിദ്യാധരന്റെ അപേക്ഷയിൽ പറയും പ്രകാരം ചെറിയ ഗഡുക്കളാക്കിയാൽ മാത്രമേ ടി നഷ്ടം തിരികെ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂവെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.റ്റി. വിദ്യാധരനിൽ നിന്നും സർക്കാർ നഷ്ടം ചെറിയ തവണകളായി ഈടാക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്ററസ് (സംരക്ഷണം) അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്-ന്റെ 29.06.2015-ലെ കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. എം.റ്റി. വിദ്യാധരനിൽ നിന്നും സർക്കാർ നഷ്ടതുകയായ 1,52,832/- രൂപ പിഴപ്പലിശ മാത്രം ഒഴിവാക്കി മുതൽ പലിശ നികുതികൾ എന്നിവ ഉൾപ്പെടെയുള്ള ആകെ തുക ഒരു വർഷ കാലാവധിക്കുള്ളിൽ 3 തുല്യ ഗഡുക്കളായി ഈടാക്കുന്നതിന് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കൃഷ്ണകുമാർ.റ്റി.വി.,**
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സതേൺ സർക്കിൾ), കൊല്ലം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ് & മീഡിയ
ധനകാര്യ വകുപ്പ് ( അനൗദ്യോഗിക കുറിപ്പ് നം.55676/അഗ്രി.എ1/15/ധന തീയതി, 11.08.2015 പ്രകാരം )
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.